കായംകുളം നിയമസഭാ മണ്ഡലത്തിലെ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

266 (1707) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2013-14-ൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് എത്ര കുളങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ടെണ്ടർ ക്ഷണിച്ചു ;

(ബി) അതിൽ എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തു ; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു ;

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ (2014-15) ഒരു പ്രവൃത്തിപോലും ടെണ്ടർ ചെയ്തിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത് ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ്. ടെണ്ടർ മുഖേന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല. കായംകുളം നിയമസഭാ നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2013-14 ൽ 11 കുളങ്ങൾ പുനരുദ്ധരിക്കാനുള്ള അനുമതി ലഭിച്ചതിൽ 5 കുളങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 2014-15-ലെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

നെടുമ്പന ഇരവിപുരം കൃഷിഭവനുകളുടെ നിയന്ത്രണ അധികാര വിഭജനം

267 (1708) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് നെടുമ്പന ഗ്രാമപഞ്ചായത്തിനെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തുകയും, പകരമായി പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുവെങ്കിലും പൂയപ്പള്ളി കൃഷി ഭവൻ ഇപ്പോഴും കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലാണെന്ന വസ്തുത ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly